Malayala Manorama
മലയാള മനോരമ

# വളരുന്നു, പ്രതീക്ഷയുടെ കാട്

ആഗോളതലത്തിൽ വനനശീകരണം ഗുരുതരമായി വർധിക്കുമ്പോഴും രാജ്യത്തു വനവിസ്തൃതി വർധിക്കുകയാണെന്നു പഠനം. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ കണക്കുകൾ പ്രകാരം മുൻവർഷത്തെക്കാൾ 5188 ചതുരശ്ര കിലോമീറ്റർ (0.65%) വനഭൂമിയാണ് രാജ്യത്തു വർധിച്ചത്. കർണാടക (1025 ചതുരശ്ര കിലോമീറ്റർ വർധന), ആന്ധ്രപ്രദേശ് (990), കേരളം (823) എന്നീ സംസ്ഥാനങ്ങളിലാണ് വനവിസ്തൃതി ഗണ്യമായി ഉയർന്നത്.

അയൽസംസ്ഥാനമായ തമിഴ്നാടിനെ അപേക്ഷിച്ച് പത്തിരിട്ടിയോളമാണ് കേരളത്തിന്റെ വർധന. രാജ്യത്ത് കണ്ടൽക്കാടുകളുടെ വിസ്തൃതി നേരിയ തോതിൽ വർധിച്ചതും ആശ്വാസ വാർത്തയാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലാണ് കണ്ടൽക്കാടുകൾ കൂടിയത്.

കേരളത്തിൽ ഒൻപതു ചതുരശ്ര കിലോമീറ്റർ കണ്ടൽക്കാടാണുള്ളത്. ഇതു കൂടുകയോ കുറയുകയോ ചെയ്തിട്ടില്ല.

**വിവരങ്ങൾക്കു കടപ്പാട്:**
ഡോ.കണ്ണൻ സി.എസ്.വാരിയർ,
സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്,
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്, കോയമ്പത്തൂർ

## ഞെട്ടിക്കും, ചില കണക്കുകൾ

2019ൽ ലോകത്താകെ 38 ലക്ഷം ഹെക്ടർ നിബിഡ വനം നശിച്ചു. ഓരോ 6 സെക്കൻഡിലും ഒരു ഫുട്ബോൾ സ്റ്റേഡിയത്തിന് തുല്യമായ വിസ്തൃതിയിലുള്ള കാട് നശിക്കുന്നു. ഗ്ലോബൽ ഫോറസ്റ്റ് വാച്ച് റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് 2019ൽ ലോകത്താകെ വനനശീകരണം 2.8% വർധിച്ചു. തെക്കുകിഴക്കൻ ഏഷ്യ, തെക്കേ അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലാണ് വനനശീകരണം ആശങ്കാജനകമാം വിധം വർധിക്കുന്നത്.

News in Malayala Manorama, 05.06.2020, Growing forests of hope